**1125/K /2015/KSHO** **28..06..2018**

പ്രേഷക

ഡയറക്ടർ( എ & എഫ് )
കുടുംബശ്രീ

സ്വീകർത്താവ്

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

സർ,

വിഷയം: കുടുംബശ്രീ - ബാലസഭ - ജില്ല/സംസ്ഥാന ബാലപാർലമെന്റിൽ കുട്ടികൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് പ്രാദേശിക തലത്തിൽ നടപടി സ്വീകരിക്കുന്നതു - സംബന്ധിച്ച്.

2018 സംസ്ഥാനതല ബാലപാർലമെന്റിന്റെ തുടർച്ചയായി ബാലസഭാ കുട്ടികളിൽ നിന്നും ഉയർന്നുവന്ന ചോദ്യങ്ങൾക്ക് പഞ്ചായത്ത്തല സൗഹൃദ സമിതി പരിഹാരം കാണുകയും പരിഹാരം കാണാൻ പറ്റാത്ത ചോദ്യങ്ങൾക്ക് ജില്ലാപഞ്ചായത്ത് സൗഹൃദ സമിതിയിലേക്ക് നൽകുകയും തുടർന്ന് ജില്ലാപഞ്ചായത്ത് സൗഹൃദ സമിതി വിവിധ മേഖലകളുമായുള്ള പ്രശ്നങ്ങൾക്ക് അതാത് വകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് പ്രശ്ന പരിഹാരങ്ങൾക്കു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം സ്വീകരിക്കുന്ന നടപടിയുടെ വിവരങ്ങൾ വെബ്സൈറ്റിൽ യഥാസമയം ചേർക്കേണ്ടതാണ്. ഇത് കൃത്യമായി നടക്കുന്നുണ്ടോ എന്ന് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. 2018 സംസ്ഥാനതല ബാലപാർലമെന്റിന്റെ റിപ്പോർട്ട് ഇതോടൊപ്പം അറിവിലേക്കായി നൽകുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർ( എ & എഫ് )
കുടുംബശ്രീ

അംഗീകാരത്തോടെ,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

# റിപ്പോർട്ട്

കുടുംബശ്രീ സംസ്ഥാന ബാലപാർലമെന്റും ഓപ്പൺ ഫോറവും 2018, മെയ് 29, 30.

ഒന്നാം ദിവസം

സ്ഥലം: സട്ടർ ഹാൾ, ലൊയോള എകസ്റ്റൻഷൻ സർവിസ്, ശ്രീകാര്യം,

തിരുവനന്തപുരം.

തിയതി : 2018, മെയ് 29.

കോഴിക്കോട് ഒഴികെയുള്ള 13 ജില്ലകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 131 ബാലസഭാ അംഗങ്ങൾ ബാലപാർലമെന്റൽ പങ്കെടുത്തു. ജില്ലാ മിഷനിൽ നിന്നും ഡി പി എം / ബി സി മാർ, 2 ബാലസഭാ റിസോഴ്സ്പേഴ്സൺമാർ എന്നിവർ പാർലമെന്റ് നടത്തിപ്പിനും പരിശീലനങ്ങൾക്കുമായി കുട്ടികളോടൊപ്പം എത്തിയിരുന്നു. ആദ്യ ദിനത്തിൽ രാവിലെ 9 .30 രജിസ്ട്രേഷൻ ആരംഭിച്ചു . 10 മണിക്ക് സാമൂഹിക വികസനം പ്രോഗ്രാം ഓഫീസർ ശ്രീമതി അമൃതാ ജി എസ് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ഡെപ്യൂട്ടി സെക്രട്ടറി സുരേഷ് കുമാർ ബാല പാർലമെന്റ് എന്ത്, എന്തിന്, എങ്ങനെ എന്ന വിഷയത്തിൽ കുട്ടികൾക്ക് ക്ലാസ് നൽകി. കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് അവരിൽ നിന്ന് 20 കുട്ടികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്, പ്രധാനമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ്, വിവിധ വകുപ്പ് മന്ത്രിമാർ തുടങ്ങിയ ചുമതലകൾ അവരെ ഏൽപ്പിച്ചു. കുട്ടികൾക്ക് നിയമസഭാ നടപടികളെക്കുറിച്ചും ഓപ്പൺ ഫോറത്തെ കുറിച്ചും പ്രായോഗിക പരിശീലനം തിരഞ്ഞെടുത്ത റിസോഴ്സ് പേഴ്സൺമാരുടെയും, ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നൽകി . കുട്ടികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞു ചോദ്യങ്ങൾ തയ്യാറാക്കുകയും ചെയ്തു .

പ്രധാനമായും താഴെ പറയുന്ന പത്തു മേഖലകളെ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ തയ്യാറാക്കിയത്.

മേഖലകൾ

1 . വിദ്യാഭ്യാസം
2 . ആരോഗ്യം
3 . ആഭ്യന്തരം
4 . കൃഷി , ജലസേചനം
5 . പരിസ്ഥിതി , ഫിഷറീസ്
6 . സാമൂഹ്യ നീതി, വനിത ശിശു ക്ഷേമം ,എസ് ടി / എസ് സി
7 . പൊതുമരാമത്തു , ഗതാഗതം
8 . വനം , വൈദ്യുതി
9 . ഭവനം
10 . കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും

അന്നേദിവസം വൈകുന്നേരം സി ഡബ്ല്യൂ സി തിരുവനന്തപുരം ചെയർമാനും , ലൊയോള ഇൻസ്ടിട്യൂഷൻ റെക്ടറുമായ ഫാദർ ജോയ് ജെയിംസ് കുട്ടികളെ അഭിസംബോധന ചെയ്തു . തുടർന്ന് മോക്ക് പാർലമെന്റിനു ശേഷം കുട്ടികളുടെ കലാപരിപാടികളോടെ ഒന്നാം ദിന പരിപാടി അവസാനിച്ചു .

രണ്ടാം ദിവസം

സ്ഥലം : പഴയ നിയമസഭാ മന്ദിരം , സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം.

തിയതി : 2018, മെയ് 30

രാവിലെ 9 മണി മുതൽ ബാല പാർലമെന്റ് ആരംഭിച്ചു. മന്ത്രിസഭയും അംഗങ്ങളും ചേർന്ന പാർലമെന്റ് യോഗമാണ് സംസ്ഥാന ബാല പാർലമെന്റായി പഴയ നിയമസഭാ മന്ദിരത്തിലെ അസംബ്ലി ഹാളിൽ സംഘടിപ്പിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി ഡോ. കെ . ടി . ജലീൽ ഈ വർഷത്തെ ബാല പാർലമെന്റ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. വിദ്യ അഭ്യസിക്കുന്നത് പാഠപുസ്തകത്തിലെ അറിവ് സമ്പാദിക്കുന്നതി നല്ല മറിച്ച് നല്ല മനുഷ്യരായി തീരുന്നതിനാണെന്നും മാറ്റത്തിന്റെ മെഴുകുതിരി സ്വന്തം മനസ്സിൽ കൊളുത്തി ആ പ്രകാശം രാജ്യാതിർത്തിക്കുമപ്പുറത്തേക്ക് ഓരോ കുട്ടികളും പരത്തണമെന്നും അദ്ദേഹം കുട്ടികളോട് ആവശ്യപ്പെട്ടു. വിദ്യാഭ്യാസത്തോടൊപ്പം നല്ല സംസ്ക്കാരവും വച്ചു പുലർത്തുന്നവരാണ് നല്ല ജനപ്രതിനിധികളെന്നും അദ്ദേ ഹം വ്യക്തമാക്കി. ഇന്ത്യയുടെ വൈവിധ്യം അതേപടി കാത്ത് സൂക്ഷിക്കുന്നതിന് ഓരോ പൗരനും ചുമതലയുണ്ട്, എല്ലാവരേയും ഒന്നായി കാണുന്ന ദർശനം മാത്രമേ ശാശ്വതമായിരിക്കൂയെന്നും അദ്ദേഹം പറഞ്ഞു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ (സാമൂഹ്യ വികസനം) ജി.എസ്. അമൃത ഉദ്ഘാടന സമ്മേളന ത്തിൽ സ്വാഗതം ആശംസിച്ചു. കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ കോർഡിനേറ്റർ ഡോ. കെ.ആർ. ഷൈജു നന്ദി പറഞ്ഞു.

കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ ജില്ലാ, സംസ്ഥാനതലങ്ങളിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പ് പ്രതിനിധികളുമായി സംവദിച്ചു പരിഹാ രം കണ്ടെത്തുന്നത് ലക്ഷ്യമിട്ടുള്ള ഓപ്പൺ ഫോറം ബാലപാർലമെന്റിന്റെ ഭാഗമായി സംഘടിപ്പിക്കുകയും ചെയ്തു ലഹരി, ഗതാഗതം, കുട്ടികളുടെ അവകാശങ്ങൾ, വനം, വിദ്യാഭ്യാസം എന്നീ വിഷയവുമായി ബന്ധപ്പെട്ട് ചോദ്യങ്ങളാണ് കുട്ടികളിൽ നിന്നും ഉയർന്നു വന്നത്. വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി പ്ര സന്ന കുമാരി, വനം വകുപ്പിൽ നിന്ന് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സി. രാജേന്ദ്രൻ ഐഎഫ്എസ്, എക്സൈസ് വകുപ്പിൽ നിന്ന് ഡെപ്യൂട്ടി എക്സൈസ് ക മ്മീഷണർ ജി. മുരളീധരൻ നായർ, ബാലാവകാശ കമ്മീഷൻ ആക്ടിങ് ചെയർപേഴ് സൺ സി.ജെ. ആന്റണി, കുടുംബക്ഷേമ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. കെ. സ ന്ദീപ് എന്നിവർ ഓപ്പൺ ഫോറത്തിന്റെ ഭാഗമായി അതാത് വകുപ്പുകളുമായി ബന്ധ പ്പെട്ട കുട്ടികളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകി. . ഇതിന് ശേഷം കുട്ടികളെ പുതിയ നിയമസഭാ മന്ദിര സന്ദർശനത്തിന് കൊണ്ടുപോകുകയും ചെയ്തു. രണ്ടു ദിന പാർലമെന്റ് പ്രവർത്തങ്ങളുടെ അവലോകനം പങ്കെടുത്ത വിദ്യാത്ഥികളിൽ നിന്നും നിർദിഷ്ട ഫോറത്തിൽ ശേഖരിച്ചതിനു ശേഷം 5 മണിയോടുകൂടെ ഈ വർഷത്തെ സംസ്ഥാന ബാലപാർലമെന്റ് സമാപിച്ചു .

28/6/18